**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7457** — **14.07.2014-ൽ മറുപടിക്ക്**

# ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ പുതിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) ഇരുപത്തിയഞ്ച് ഏക്കർ സ്ഥലം മാത്രമുള്ള ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ മുഴുവൻ സ്ഥലവും കാർഷിക ഗവേഷണത്തിനും വിത്ത്/ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുമായി ഉപയോഗപ്പെടുത്തിവരുന്നു. കശുമാവ് ഗവേഷണ കേന്ദ്രമായി പ്രവർത്തിച്ചു വന്നിരുന്ന ഈ കേന്ദ്ര ത്തിലെ വിളകളുടേയും പ്രവർത്തനമേഖലകളു ടേയും വൈവിധ്യവത്കരണം വഴി കേന്ദ്രത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കുന്നതിനു സാധിച്ചി ട്ടുണ്ട്. ഈ ഗവേഷണ കേന്ദ്രത്തിൽ നടപ്പിലാക്കിയ പദ്ധതികളെല്ലാം ഗവേഷണത്തോടൊപ്പം വിത്ത്/ നടീൽ വസ്തുക്കളുടെ ഉത്പാദനത്തിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുകയും വരുമാനം വർധിപ്പിക്കാൻ വഴിയൊരുക്കുകയും ചെയ്തു. 2005-06 ൽ 4.9 ലക്ഷം മാത്രം വരുമാന മുണ്ടായിരുന്ന ഈ ഗവേഷണ കേന്ദ്രം ഇന്ന് കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ വികസന കേന്ദ്രങ്ങളിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള കേന്ദ്രമായി മാറിയിരിക്കുകയാണ്. 2013-14 ൽ ഈ കേന്ദ്രത്തിലെ വരുമാനം 274.84 ലക്ഷം രൂപയാണ്. മാത്രമല്ല സ്വയം സഹായ സംഘ ങ്ങളിലേയും, ഗവേഷണ കേന്ദ്രത്തിലെ കർഷക പങ്കാളിത്ത പ ദ്ധതികളിലേയും അംഗങ്ങളുടേയും മറ്റു കർഷകരുടേയും വിദ്യാർത്ഥികളുടേയും സന്ദർശന കേന്ദ്രമാണ് ഇവിടം. |
| ബി) കാർഷിക സർവ്വകലാശാലയുടെ പുതിയ കോഴ്സുകൾ പ്രസ്തുത കേന്ദ്രത്തിൽ തുടങ്ങാൻ പദ്ധതിയുണ്ടോ; | ബി) ഉണ്ട്. രണ്ട് കോഴ്സുകൾ<br>1) ഡിപ്ലോമ ഇൻ ഹോർട്ടികൾച്ചർ<br>2) പി.ജി. ഡിപ്ലോമ ഇൻ ഹോർട്ടികൾച്ചർ & നഴ്സറി മാനേജ്മെന്റ്. |
| സി) ടൂറിസം വകുപ്പുമായി സഹകരിച്ച് ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) ആനക്കയം പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ഫാം ടൂറിസം ആരംഭിക്കുന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ